# തനിമ

## DIGITAL MAGAZINE

IU HSS PARAPPUR






**രക്ഷാധികാരികൾ :**

- ടി മൊയ്തീൻകുട്ടി കുഞ്ഞു (മാനേജർ)
- ടി. അബ്ദുൽ റഷീദ് (പ്രിൻസിപ്പാൾ)
- സി. സുൽഫിക്കറലി (പി.ടി.എ. പ്രസിഡണ്ട്)
- പി.കൃഷ്ണദാസൻ (ഉപ പ്രധാനാധ്യാപകൻ)
- സി.പി. ശാന്തി (സ്റ്റാഫ് സെക്രട്ടറി)
- കെ കൃഷ്ണൻ (എസ്. ആർ. ജി. കൺവീനർ)
- കെ വി ഷരീഫ് (സ്കൂൾ ഐ.ടി കൺവീനർ)

**മാനേജിങ് എഡിറ്റർ :**

- (തൊട്ടിയിൽ മുഹമ്മദ് കുട്ടി (പ്രധാനാധ്യാപകൻ)

**മുഖ്യപത്രാധിപർ :**

- വി. പ്രതാപൻ
- സി.കെ. മൻസൂർ

**പത്രാധിപസമിതി:**

**അദ്ധ്യാപക പ്രതിനിധികൾ:**

- ജെ രാജ് മോഹൻ
- സി. കെ അഹമ്മദ് കുട്ടി
- കെ.ബഷീർ
- കെ.രാധിക
- പി. മുഹമ്മദ് അഷ്റഫ്
- എം. സുധാകരൻ നായർ
- എം. കെ രാജൻ
- കെ. രാജേന്ദ്രൻ

**വിദ്യാർത്ഥി പ്രതിനിധികൾ:**

- നൈസ മിൻഹ
- അക്ഷയ. സി
- ദേവദത്തൻ. കെ
- അനശ്വര. പി
- മിഥുന
- അതുൽ കൃഷ്ണ
- അജ് സൽ ടി.പി
- വിഷ്ണു ശ്രീകുമാർ
- മുഹമ്മദ് അസ് ലഹ്. കെ
- മുഹമ്മദ് മിസ്ഹബ്
- മുഹമ്മദ് ഷാനിബ്
- ഇംതിയാസ് ബിനു ഇബ്രാഹിം
- ഷമീം. കുഴി മണ്ണിൽ
- ജമീല ജാസ്മിൻ

**പ്രൂഫ് :**

- ശ്രീജ കെ
- സുജ.എ

**കവർ & ലേഔട്ട് :**

- ആസിഫലി എം. പി
- ഫരീദാ ബാനു

കഥ / **ആര്യ വി.** [IX-A]

# അമ്മ

മോളേ... എണീക്ക്. സമയം എത്രയായി. നിനക്ക് സ്കൂളിൽ പോകേണ്ടേ...

അമ്മയുടെ ഈ വിളികേട്ടാൽ മാത്രമേ അമ്മു എണീക്കുകയുള്ളൂ.

അമ്മയും അമ്മുവും തനിച്ചാണ് വീട്ടിൽ. മീനാക്ഷി എന്നാണ് അമ്മുവിന്റെ അമ്മയുടെ പേര്. ഒരു കൊച്ചുഗ്രാമത്തിലെ പൊട്ടിപ്പൊളിഞ്ഞ് വീഴാറായ കുടിലിലാണ് അമ്മുവിന്റെയും അമ്മയുടെയും താമസം. മീനാക്ഷിയും അമ്മുവിന്റെ അച്ഛനും പ്രണയിച്ച് വിവാഹം ചെയ്തവരാണ്. ഈ കാരണത്താൽ ബന്ധുക്കളാരും തന്നെ അവരെ തിരിഞ്ഞുനോക്കാറില്ല. വലിയ പണക്കാരനായിരുന്നു അമ്മുവിന്റെ അച്ഛൻ വാസുമേനോൻ. അമ്മുവിന് ഒന്നരവയസ്സുള്ളപ്പോൾ മരിച്ചതാണ്. ഇപ്പോൾ അമ്മു ഏഴാം ക്ലാസിലെത്തി. ഗ്രാമത്തിലെ ഒരു വലിയ വീട്ടിൽ വീട്ടുജോലി ചെയ്തിട്ടാണ് മീനാക്ഷി കുടുംബം പോറ്റുന്നത്. തന്റെ സങ്കടങ്ങളും ഇല്ലായ്മകളൊന്നും അവർ ഇതുവരെ തന്റെ മകളെ അറിയിച്ചിട്ടില്ല. പക്ഷേ തന്റെ ഇല്ലായ്മകളെപ്പറ്റിയും സങ്കടങ്ങളെയും അമ്മുവിന് നന്നായി അറിയാം. നല്ല സുന്ദരിക്കുട്ടിയാണ് അമ്മു. അതുമാത്രമല്ല പഠിക്കാനും അവൾ മിടുക്കിയാണ്. ടീച്ചർമാർ അവളെപ്പറ്റി നല്ല അഭിപ്രായമാണ് പറയാറ്.



തന്റെ മോളെ പഠിപ്പിച്ച് ഒരു ഡോക്ടറാക്കണമെന്നായിരുന്നു മീനാക്ഷിയുടെ ആഗ്രഹം. പിന്നിക്കീറി, നിറങ്ങളൊക്കി മങ്ങിയ പഴകിയ വസ്ത്രങ്ങളാണ് മീനാക്ഷി ധരിക്കാറ്. തനിക്ക് ലഭിക്കുന്ന ശമ്പളം മുഴുവനും അമ്മുവിന്റെ പഠനാവശ്യങ്ങൾക്കും വീട്ടുചെലവിനും മറ്റുമാണ് മീനാക്ഷി ഉപയോഗിക്കുന്നത്. മീനാക്ഷിയുടെ ആവശ്യങ്ങൾക്കായി അവൾ പണം ഉപയോഗിക്കാറേയില്ല. അച്ഛനില്ലാത്തതിന്റെ ഒരു കുറവും മീനാക്ഷി ഇതുവരെ അമ്മുവിനെ അറിയിച്ചിട്ടില്ല.

ഒരു ദിവസം മീനാക്ഷിക്ക് കടുത്ത പനി വന്നു. ഡോക്ടറെ കാണിക്കാനും മറ്റും അവളുടെ കയ്യിൽ പണമില്ല. പനി കൂടിവരുന്നു. എന്ത് ചെയ്യണമെന്നറിയാതെ അമ്മു അമ്മയുടെ അടുത്ത് ഇരിക്കുകയായിരുന്നു. അപ്പോഴാണ് ആ വിവരമറിഞ്ഞ് അമ്മുവിന്റെ മുത്തച്ഛൻ ശങ്കരമേനോൻ വരികയും ചികിത്സക്കാവശ്യമായ പണം നൽകുകയും ചെയ്തത്. 3 ദിവസം കഴിഞ്ഞപ്പോഴേക്കും മീനാക്ഷിയുടെ പനി മാറി.

പിറ്റേ ദിവസം രാവിലെ മുത്തച്ഛൻ വീണ്ടും വീട്ടിലേക്ക് വന്നു. ഈ പ്രാവശ്യം മുത്തച്ഛൻ വന്നത് അമ്മുവിനെ തന്റെ കൂടെ കൊണ്ടുപോകാനാണ്. എന്നാൽ അമ്മുവിനും മീനാക്ഷിക്കും അതിൽ താൽപര്യമില്ലായിരുന്നു. എന്നാലും അവരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് അയാൾ അമ്മുവിനെ അയാളുടെ ഗൃഹത്തിലേക്ക് കൊണ്ടുപോയി. അമ്മുവും മീനാക്ഷിയും പൊട്ടിക്കരഞ്ഞുവെങ്കിലും മുത്തച്ഛൻ അതൊന്നും ശ്രദ്ധിച്ചില്ല.

വൈകാതെ ശങ്കരമേനോന്റെ ജീവിത സാഹചര്യവുമായി അമ്മു പൊരുത്തപ്പെട്ടു. ആദ്യമൊക്കെ അവൾ അമ്മയെ കാണാൻ പോകുമായിരുന്നെങ്കിലും പിന്നീട് പതിയെ അവൾ അമ്മയെ മറന്നുതുടങ്ങി. മീനാക്ഷിയുടെ ആഗ്രഹം പോലെ തന്നെ അമ്മു പഠിച്ച് ഒരു ഡോക്ടറായി. സ്വന്തമായി ഒരു ക്ലിനിക്കും തുടങ്ങി. കുറച്ച് കാലങ്ങൾക്ക് ശേഷം അഭിഷേക് എന്ന ഒരു ഡോക്ടറുമായി അവളുടെ വിവാഹം കഴിഞ്ഞു.

മൂന്ന് മാസങ്ങൾക്ക് ശേഷം അഭിഷേകിന്റെ വീട്ടിലേക്ക് അമ്മുവിനെ കാണാൻ മീനാക്ഷി വന്നു. എന്നാൽ അമ്മു മീനാക്ഷിയെ അറിയാത്ത ഭാവം നടിച്ചു. നിറഞ്ഞ കണ്ണുകളോടെ മീനാക്ഷി ആ വീട്ടിൽ നിന്നും ഇറങ്ങിപ്പോയി. അന്ന് രാത്രി മുഴുവൻ തന്റെ അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ അവളെ അലട്ടിക്കൊണ്ടിരുന്നു. അവൾ സത്യങ്ങളെല്ലാം അഭിഷേകിനോട് തുറന്നുപറഞ്ഞു. പിറ്റേന്ന് അമ്മുവും അഭിഷേകും മീനാക്ഷിയെ കാണാൻ അവളുടെ വീട്ടിലെത്തി. എന്നാൽ തറയിൽ കിടക്കുന്ന മീനാക്ഷിയെയാണ് അവർ കണ്ടത്. അമ്മു മീനാക്ഷിയുടെ അടുത്തിരുന്ന് അമ്മേ... എന്ന് ഉറക്കെ വിളിച്ചു. മീനാക്ഷിക്ക് ഒരനക്കവും ഇല്ല. മീനാക്ഷിയുടെ ഹൃദയം നിലച്ചിരുന്നു. അമ്മു അമ്മയുടെ കൈത്തണ്ടയിൽ പിടിച്ച് പൊട്ടിക്കരഞ്ഞു.

ഹരിതമോഹനം എന്ന കഥയുടെ
വ്യത്യസ്ത വായനകൾ



പുസ്തകപരിചയം / സിദ്ധാർത്ഥ്‌രാജ് പി. [IX-A]

# പച്ചപ്പിന്റെ തുരുത്ത് തേടി

സുസ്മേഷ് ചന്ദ്രോത്തിന്റെ 'മരണ വിദ്യാലയം' എന്ന കഥാസമാഹാരത്തിന്റെ ഹരിതമോഹനം എന്ന കഥയിലെ പ്രധാന കഥാപാത്രമാണ് അരവിന്ദാക്ഷൻ.

ഫ്ളാറ്റിൽ ജീവിക്കുന്ന അരവിന്ദാക്ഷന്റെ ജീവിത സംഘർഷങ്ങളാണ് കഥാസന്ദർഭം. ഉപഭോഗ സംസ്കാരത്തിന്റെ പിടിയിൽ അകപ്പെട്ട് മണ്ണും കൃഷിയും വെറും സ്വപ്നമായിത്തീരുന്ന ഒരു മലയാളിയുടെ മുഖമാണ് ഹരിതമോഹനം എന്ന കഥയിലെ അരവിന്ദാക്ഷന്റേത്. കുറേ പ്രയാസങ്ങൾ ജീവിതത്തിലുണ്ടെങ്കിലും ഹരിത സ്വപ്നങ്ങളെ നെഞ്ചോട് ചേർത്ത് മുന്നോട്ട് പോവുകയാണ് അരവിന്ദാക്ഷൻ. മരങ്ങളെ സ്നേഹിക്കുന്ന, അവയെ സംരക്ഷിക്കുന്ന സാധാരണക്കാരനായ അരവിന്ദാക്ഷന്റെ മനോഭാവങ്ങൾ നമ്മുടെ മനസ്സിൽ ഇടം പിടിക്കുന്നവയാണ്.

മരം ഒരു വരമാണ്. ആ സത്യം നാം മനസ്സിലാക്കും. പ്രകൃതിയുടെ മഹത്വം മനസ്സിലാക്കുന്ന കഥയാണ് ഹരിതമോഹനം. മണ്ണും കൃഷിയും വെറും സ്വപ്നമായിത്തീരുന്ന ഈ കാലഘട്ടത്തിൽ ഈ കഥ വളരെ പ്രസക്തമാണ്. മണ്ണിന്റെയും മരത്തിന്റെയും മഹത്വവും പ്രാധാന്യവും ഓർമ്മിപ്പിക്കുന്ന ഈ കഥ നമ്മളിൽ പുതിയ ചിന്തകളെയും പ്രവൃത്തികളെയും ഉണർത്തുന്നു. കച്ചവട സംസ്കാരം അടിച്ചേൽപ്പിച്ച ഈ തലമുറയിൽ മണ്ണും കൃഷിയും സ്വപ്നമായി അവശേഷിക്കുന്ന മലയാളിക്ക് എന്നും പാഠമാകുന്ന കഥയും കഥാപാത്രവുമാണ് ഹരിതമോഹനവും അരവിന്ദാക്ഷനും.

മലയാള തനിമയിലെ സംസ്കാരം ചേരുന്ന മലയാളി ഇക്കാലത്ത് കേരളത്തിൽ അപൂർവ്വമാണ്. മാതൃനാടിന്റെ സംസ്കാരം ചേരുന്നതാണ് ഒരു ജനതയുടെ ആവിഷ്കാരം. ഇക്കാലത്ത് അധികം കുട്ടികളും മലയാളത്തിൽ ഇംഗ്ലീഷ് കലർത്തിയാണ് സംസാരിക്കുന്നത്. ഹരിത മോഹനം എന്ന കഥയിലെ അരവിന്ദാക്ഷന്റെ മക്കൾ ഇതിൽ ഉൾപ്പെടുന്നു.

ഇവിടെ ജീവിത ശൈലികളും തലമുറയുടെ മാറ്റങ്ങളും വളർന്നുവന്ന സംസ്കാരവും തന്നെയാണ്. അവരുടെ ഭാഷയിൽ തന്നെയുള്ള ഈ മാറ്റങ്ങൾ ഈ കഥയിലെ അരവിന്ദാക്ഷൻ കലണ്ടർ എന്നതിന് പകരം അയാൾ സമയകാലപ്പട്ടിക എന്നാണ് പറയുന്നത്. മാതൃഭാഷ സംസാരിക്കാനുള്ളതും മാതൃഭാഷയോടുള്ള സ്നേഹവുമാണ് അദ്ദേഹം ഇതിൽ പുലർത്തുന്നത്.

എന്നാൽ ഒമ്പത് വയസ്സുള്ള അദ്ദേഹത്തിന്റെ മകൾ മണ്ണിനെ വൃത്തിഹീനമായ ഒന്നായി കാണുന്നു. അത് കയ്യിലാകുന്നത് അഴുക്കാണ് അത് തൊടാൻ പോലും പാടില്ല എന്നാണ് കുട്ടിയുടെ വർത്തമാനവും പ്രവൃത്തിയും. മലയാള ജനതയിൽ എല്ലാറ്റിനും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഭാഷ, വേഷം തുടങ്ങി നിരവധി മേഖലകളിലും അതുപോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളം പ്രധാന വിഷയമല്ലാതായിരിക്കുന്നു.

'ഹരിതമോഹനം' എന്ന കഥയിൽ ഭാഷാസ്നേഹിയായ അരവിന്ദാക്ഷനെയും മാതൃഭാഷാമൂല്യത്തിന് ഇടിവ് നൽകുന്ന പരിഷ്കാര ഭാഷയുടെ നന്മയെയും ഈ കഥയിലൂടെ ആസ്വാദകർക്ക് കഥാകൃത്ത് പകർന്ന് നൽകുന്നു.



## ഹരിതമോഹനം എന്ന കഥയുടെ വ്യത്യസ്ത വായനകൾ

# അരവിന്ദാക്ഷന്റെ വ്യാകുലതകൾ

പുസ്തകപരിചയം / നിഷാന നസ്റിൻ കെ.പി. [IX-A]



'ഹരിതമോഹനം' എന്ന കഥയിലൂടെ തന്റെ ഹരിത സ്വപ്നങ്ങൾ പങ്കുവെയ്ക്കുകയാണ് യുവതലമുറയിലെ എഴുത്തുകാരനായ സുസ്മേഷ് ചന്ദ്രോത്ത്. നഗരത്തിലെ ഫ്ളാറ്റിൽ ജീവിക്കുന്ന അരവിന്ദാക്ഷൻ എന്ന ഇടത്തരക്കാരന്റെ ജീവിത സംഘർഷങ്ങളാണ് ഇതിൽ വിവരിക്കുന്നത്. ഫ്ളാറ്റിൽ ജീവിക്കുമ്പോഴും സ്വന്തമായി ഒരു വീടും മരങ്ങളും നട്ടുപിടിപ്പിക്കാൻ കുറച്ച് ഭൂമിയും സ്വന്തമാക്കുക എന്ന ആഗ്രഹം ഉള്ളിൽ പേറിക്കൊണ്ട് ഫ്ളാറ്റിന്റെ ഇത്തിരി ടെറസിൽ മരങ്ങൾ വച്ചുപിടിപ്പിക്കുകയാണ് അരവിന്ദാക്ഷൻ. ചുറ്റും പച്ചപ്പുള്ള ഒരു ലോകമാണ് അയാൾ സ്വപ്നം കാണുന്നത്. ലളിതമായ ആഖ്യാനരീതിയാണ് ഈ കഥയെ ശ്രദ്ധേയമാക്കുന്ന മറ്റൊരു ഘടകം. അരവിന്ദാക്ഷനെ കേന്ദ്രീകരിച്ചാണ് കഥ മുന്നോട്ട് പോകുന്നത്. അയാളും അയാളുടെ ഹരിതമോഹനവുമാണ് പ്രധാന വിഷയം. ഫ്ളാറ്റിൽ താമസിക്കുമ്പോഴും സ്വന്തമായി കുറച്ച് മണ്ണും ഒരു വീടുമാണ് അയാളുടെ സ്വപ്നം. വാടക കൊടുക്കുന്ന ഫ്ളാറ്റിന്റെ ടെറസിൽ സൃഷ്ടിക്കുന്ന ഹരിതലോകത്തിലൂടെ തന്റെ മക്കളിലേക്കും ഹരിത സ്വപ്നങ്ങൾ വളർത്താൻ അരവിന്ദാക്ഷന് കഴിയുന്നുണ്ട്. പ്രകൃതിയുടെ ഒടുവിലത്തെ വഴിത്തിരിവാണ് പ്രധാന ആകർഷണം. പ്രകൃതിയുടെ ഹരിതഭാഷയെക്കുറിച്ച് പ്രത്യാശ പകരുന്നത് ഈ വഴിത്തിരിവാണ്.

മണ്ണിൽ നിന്നകലുന്ന ഒരു തലമുറയാണ് വളർന്ന് വരുന്നതെന്ന സൂചനയാണ് ഈ കഥയിൽ നിന്നും നമുക്ക് ലഭിക്കുന്നത്. മരങ്ങളെ സ്നേഹിക്കുകയും അവയെ സംരക്ഷിക്കാനായി പാടുപെടുകയും ചെയ്യുന്ന സാധാരണക്കാരനായ ഒരു ഫ്ളാറ്റ് നിവാസിയുടെ മനോവേദനകളാണ് യഥാർത്ഥ്യത്തിൽ ഈ കഥ. മണ്ണും മരവുമെല്ലാമാണ് നമ്മെ നിലനിർത്തുന്ന സത്യം അരവിന്ദാക്ഷനിലൂടെ കഥാകൃത്ത് വ്യക്തമാക്കുന്നു. ജോലിക്കായി നഗരത്തിൽ ചേക്കേറുന്നവർ ഫ്ളാറ്റുകളിലെ താമസക്കാരാകുന്നത് പുതിയ കാഴ്ചയല്ല. വീടുവെയ്ക്കാൻ സ്വന്തമായി ഒരു തുണ്ട് ഭൂമി നഗരങ്ങൾ സ്വപ്നം മാത്രമാണ്. ഫ്ളാറ്റിന്റെ ഇത്തിരിവട്ടത്തിൽ വീടെന്ന മോഹം ഉള്ളിലൊതുക്കി കഴിയുന്ന സാധാരണക്കാർ ധാരാളമുണ്ട്. കാലം കഴിയുമ്പോൾ അവരെല്ലാം മണ്ണിൽ നിന്നകന്ന് മണ്ണിനെ അറപ്പോടെയും വെറുപ്പോടെയും കാണുന്നവരായി മാറുന്നു. ഫ്ളാറ്റിൽ വളരുന്ന കുട്ടികൾ മണ്ണ് തൊടാൻ പോലും അറയ്ക്കുന്നവരായി വളർന്നുവരുന്നു. പുതിയ കാലത്തിന്റെ കാഴ്ചകളിലേക്കും സത്യങ്ങളിലേക്കും വിരൽ ചൂണ്ടുകയാണ് കഥാകൃത്ത്.

ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടിയും പഠനം പൂർത്തിയാക്കിയ ശേഷം ജോലി തേടിയും നഗരങ്ങളിലേക്ക് ചേക്കേറാനുള്ള ആവേശം മലയാളിയുടെ മുഖമുദ്രയായി മാറിയിരിക്കുന്നു. പ്രകൃതിയോട് ഇണങ്ങിയുള്ള ഗ്രാമീണ-കാർഷിക ജീവിതത്തിന്റെ കൃത്രിമാഹ്ലാദങ്ങളോട് നമുക്കിന്ന് മതിപ്പ്. നാട്ടിൻ പുറത്തുനിന്ന് നഗരങ്ങളിലേക്കുള്ള ഈ പാലായനം പ്രകൃതിയോടിണങ്ങിയുള്ള ജീവിതശൈലിയിൽ നിന്നുള്ള ഒഴിഞ്ഞുപോക്ക് കൂടിയാണെന്നുള്ള യാഥാർത്ഥ്യം ആരും ഗൗരവമായി കാണുന്നില്ല. ചുരുക്കത്തിൽ മണ്ണിൽ നിന്നും പ്രകൃതിയിൽ നിന്നും നാം അകന്നുപോകുന്നു. മണ്ണാണ് സംസ്കാരത്തിന്റെ അടിസ്ഥാനമെന്ന് ചിന്തകർ കണ്ടെത്തിയിട്ടുണ്ട്. വേരുകൾ മണ്ണിൽ ആഴത്തിൽ പടരുമ്പോഴാണ് വൃക്ഷത്തിന് ആകാശത്തെ നോക്കി ഉയരാൻ സാധിക്കുന്നത്. മണ്ണുമായി ബന്ധമില്ലാതെയായാൽ നമ്മുടെ വേരുകൾ മുറിഞ്ഞുപോകും. നിലനിൽപ്പ് വേഗത്തിലാകും. ഭൂമി നേരിടുന്ന ഭീഷണിയെയും പ്രകൃതിയിൽ നിന്നകലുന്ന മലയാളിയുടെ നവശീലങ്ങളുടെയും പ്രകൃതിസ്നേഹവുമൊക്കെ പ്രമേയമാക്കി എഴുതിയിട്ടുള്ള ഒട്ടേറെ സാഹിത്യകൃതികൾ മലയാളത്തിൽ ഉണ്ട്. മണ്ണുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്ന മനുഷ്യന്റെ കഥയാണ് ഹരിതമോഹനം.

ആധുനിക സങ്കേതികവിദ്യ പകർന്നുതരുന്ന സുഖസൗകര്യങ്ങളിൽ അഭിരമിക്കുന്ന പുതു തലമുറ അവരുടെ പ്രവർത്തികൾ പ്രകൃതിക്ക് വരുത്തിവെക്കുന്ന അപരിഹാര്യമായ നാശത്തെക്കുറിച്ച് ചിന്തിക്കുന്നതേയില്ല. ഒരുപക്ഷേ മനസ്സിലാക്കി വരുമ്പോഴേക്കും എല്ലാം അവസാനിച്ചിരിക്കും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ പ്രകൃതിയോട് ചെയ്യുന്ന അപരാധങ്ങൾ അവസാനിപ്പിച്ചേ മതിയാകൂ. ഭൂമിയെ അമ്മയായി, ദേവതയായിക്കരുതി പൂജിച്ചിരുന്ന പൂർവ്വികരുടെ ജീവിതവും ശീലങ്ങളും ബോധ്യങ്ങലും പഴഞ്ചെന്ന് കരുതി തള്ളിക്കളയാതെ സ്വീകരിക്കാനും പ്രകൃതിയെ പരിപാലിക്കാനും ഈ പുതു തലമുറയ്ക്ക് കഴിയണം. മണ്ണിൽ ചവിട്ടി നിൽക്കുന്നവരായി നമുക്ക് ജീവിക്കം. മണ്ണിനെയും പ്രകൃതിയെയും നമുക്ക് സ്നേഹിക്കാം.

കവിത / ആര്യ വി. [IX-A]

# സ്നേഹം

ആദ്യമായ് സ്നേഹിച്ചതാരെ ഞാൻ
പൊന്നുമ്മതന്നൊരെൻ അമ്മയെയോ
ആദ്യമായെന്നെ പിച്ചവച്ചു നടക്കാൻ
പഠിപ്പിച്ച അച്ഛനെയോ
അറിവു പകർന്ന ഗുരുവിനെയോ
ആദ്യമായ് സ്നേഹിച്ചതാരെ ഞാൻ
പൂക്കളും പുഴകളും നിറഞ്ഞ
പ്രകൃതിയെയോ
മാനത്തിലൂടെ തത്തിപ്പറക്കുന്ന
കിളികളെയോ
കുളിരുചൂടുന്ന സുപ്രഭാതത്തിനെയോ
മൂവന്തി ചുവക്കുന്ന സന്ധ്യയെയോ
ഇരുളുനീക്കുന്ന സൂര്യനെയോ



വായനാകുറിപ്പ് / ആര്യ വി. [IX-A]

# കായംകുളം കൊച്ചുണ്ണി



മോശമായ ജീവിത സാഹചര്യം കൊണ്ട് കള്ളനായിത്തീർന്ന കൊച്ചുണ്ണിയുടെ ജീവിതം പശ്ചാത്തലമാക്കി രചിച്ച ഒരു സംഭവ ബഹുലമായ ജീവിത കഥയാണ് കായംകുളം കൊച്ചുണ്ണി. മോഷണം ഉപജീവന മാർഗ്ഗമാക്കിയ ഒരാളുടെ മകനായി കൊറ്റുകുളങ്ങരയ്ക്കടുത്തുള്ള ഒരു ഭവനത്തിൽ കർക്കിടക മാസത്തിലെ കറുത്തവാവിന്റെ ദിവസം അർദ്ധരാത്രിയാണ് കൊച്ചുണ്ണിയുടെ ജനനം. മനസ്സറിഞ്ഞ് ആർക്കും ഒന്നും കൊടുക്കാത്ത ധനവാന്മാരെ മാത്രം കൊള്ളയടിക്കുന്ന ആളായിരുന്നു കൊച്ചുണ്ണി. പാവപ്പെട്ടവർക്കും മര്യാദക്കാർക്കും ആരാധ്യനായ കൊച്ചുണ്ണി എന്ത് വിലകൊടുത്തും സുഹൃത്തുക്കളെ ആപത്തിൽ നിന്നും മറ്റും രക്ഷിച്ചിരുന്നു. എന്നാൽ ഒടുവിൽ അതേ സുഹൃത്തുക്കളാൽ ഒറ്റിക്കൊടുക്കപ്പെട്ടു എങ്കിലും കൊച്ചുണ്ണി സഹായിച്ച മനുഷ്യരുടെ ഉള്ളു തുറന്നുള്ള പ്രാർത്ഥന കൊണ്ടാവാം ഒരു പക്ഷേ തന്റെ കൃത്യങ്ങൾക്കുള്ള വിധി കൽപ്പിക്കുന്നതിന് മുമ്പ് തന്നെ അയാൾ പരലോകം പ്രാപിച്ചു.



കഥ / ഫാത്തിമ സഹല വി. [IX-F]

# കഴിവുകളെ പ്രോത്സാഹിപ്പിക്കുക

ഒരു വീട്ടിൽ നിന്ന് ഭയങ്കര ബഹളം. സമയം ഒരു ആറരയോട് അടുത്തുകാണും. ആ വീട്ടിൽ ഒരു മുത്തശ്ശിയും രണ്ട് ആൺകുട്ടികളും അവന്റെ അച്ഛനും അമ്മയുമാണ് ഉണ്ടായിരുന്നത്. ആ രണ്ട് ആൺകുട്ടികളും പത്താം ക്ലാസ് വിദ്യാർത്ഥികളാണ്. രണ്ട് കുട്ടികളിൽ ഒരാൾ കുക്കുവും മറ്റൻ അപ്പുവുമായിരുന്നു. കുക്കു പഠിക്കുന്ന കാര്യത്തിൽ മുന്നിലായിരുന്നു. എപ്പോഴും പഠിക്കുക പഠിക്കുക എന്ന ചിന്ത മാത്രം. അപ്പുവാകട്ടെ കായികവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മുൻപന്തിയിലായിരുന്നു. പക്ഷേ അപ്പുവിന്റെ ഈ കായികത്തിനോടുള്ള താല്പര്യം അവന്റെ രക്ഷിതാക്കൾക്ക് ഇഷ്ടമായിരുന്നില്ല. ഏത് സമയത്തും അവനെ പുച്ഛത്തോടുകൂടി മാത്രമേ അവനെ നോക്കാറുള്ളൂ. അപ്പുവിന്റെ മുമ്പിൽ വെച്ചു തന്നെ കുക്കുവിന് നിറഞ്ഞ വാത്സല്യവും തലോടലും നൽകും. ഇതെല്ലാം കാണുമ്പോൾ അപ്പുവിന്റെ കണ്ണ് നിറയും.

അങ്ങനെ ഒരു ദിവസം അവന് അത് താങ്ങാൻ കഴിഞ്ഞില്ല. അവൻ വീടിന്റെ ഉമ്മറത്തിരുന്ന് കരഞ്ഞു. അവന്റെ മുത്തശ്ശി വന്ന് നല്ലരീതിയിൽ പറഞ്ഞ് കരച്ചിൽ മാറ്റുകയായിരുന്നു. അപ്പോഴാണ് അവന്റെ അമ്മ വന്ന് മുത്തശ്ശിയെയും അവനെയും പ്രഹരിച്ചത്. അതുകണ്ടുകൊണ്ടാണ് അച്ഛൻ വന്നത്. അമ്മ അച്ഛന് നടന്ന സംഭവം വിവരിച്ചുകൊടുത്തു. അച്ഛൻ കേട്ടയുടനെ കുറേ വഴക്ക് പറഞ്ഞു. ഇതുതന്നെയാണ് അവിടെ ബഹളത്തിന്റെ കാരണം.

അങ്ങനെ അവരുടെ നാട്ടിൽ ഒരു കായിക മത്സരം നടന്നു. അതിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് വിദേശത്തേക്ക് പോകാൻ അവസരമുണ്ടായിരുന്നു. അപ്പു മത്സരത്തിൽ പങ്കെടുക്കുകയും ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു. അങ്ങനെ അവൻ വിദേശത്ത് നടക്കുന്ന കായിക മത്സരത്തിൽ പങ്കെടുക്കാൻ പോയി. മത്സരിക്കുന്നവരിൽ ഏറ്റവും പ്രായം കുറഞ്ഞവൻ അവനായിരുന്നു. വീട്ടുകാരുടെ മുന്നിൽ വിജയം കൊയ്യാൻ അവൻ ആ മത്സരത്തെ കണ്ടു. ഇവിടെയും അവൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഈ വിജയം രാജ്യത്തിന് തന്നെ വലിയ ബഹുമതി നേടിക്കൊടുത്തു. അവന്റെ വിജയത്തിൽ അച്ഛനും അമ്മയും സന്തോഷിച്ചെങ്കിലും കുറ്റബോധം അവരെ പൊറുതിമുട്ടിച്ചു. നാട്ടിലേക്ക് തിരികെ വരുന്ന വഴിയിൽ അവൻ കടുത്ത നെഞ്ചുവേദന അനുഭവപ്പെട്ടു. കടുത്ത മാനസിക പ്രയാസം മൂലമാണെന്ന് ഡോക്ടർമാർ പറഞ്ഞു. ആരെയും പ്രയാസപ്പെടുത്താൻ നിൽക്കാതെ അവൻ ഈ ലോകത്തിന് നിന്നും വിടവാങ്ങി. മകന്റെ കഴിവിനെ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കാനും സ്നേഹിക്കാനും കഴിയാതെ വന്നതിൽ ആ അച്ഛനെയും അമ്മയെയും ശിഷ്ടകാലം നൊമ്പരപ്പെടുത്തി.

## വരകൾ... വർണ്ണങ്ങൾ...



ദിൽജിത്ത് [VIII-A]

IUHSS PARAPPUR

# വിധിയാകുന്ന ഈ വൃദ്ധസദനം

പ്രകാശത്തിന്റെ നൈർമല്യവുമായി പക്ഷികൾ ഒരേ സ്വരത്തിൽ ചിലച്ചു. അയാൾ ജനൽപാളികളുടെ അരികെ നിന്ന് പുറത്തേക്ക് നോക്കി. ഇളം കാറ്റടിച്ചു. തന്റെ ജഢകുത്തിയ മുടി കാറ്റിൽ തലോടി. ഹാപ്പി ബർത്ത്ഡേ റ്റൂയൂ.... എവിടെയോ നിന്ന് ആ പിറന്നാൾ ഗാനം തന്റെ ചെവിയെ ഉണർത്തി. അയാൾ ചുറ്റും നോക്കി. താൻ കണ്ടത് മകന്റെ പിറന്നാൾ ആഘോഷിക്കുന്ന ഒരു കുടുംബത്തെയായിരുന്നു. അയാൾ തന്റെ വരണ്ട, കട്ടികൂടിയ ചുണ്ട് ഒന്നിളക്കി പുഞ്ചിരിച്ചു. തന്റെ ഓർമ്മയിൽ നിന്നും ഇന്നലെ കഴിഞ്ഞുപോയ ആ സുദിനത്തെ അയാൾ ഒരിക്കൽ കൂടി ഓർത്തു. ചിന്തകളുടെ പടിയിറങ്ങി അയാൾ മെല്ലെ ചലിച്ചു.

ഹാപ്പി ബർത്ത്ഡേ റ്റൂയൂ...

ഇന്ന് മകന്റെ 32-ാം പിറന്നാളാണ്. അമ്മയും അച്ഛനും ഭാര്യയും മകളും ചേർന്ന് ആഘോഷിച്ചു. തന്റെ മകനെന്ത് സമ്മാനം കൊടുക്കും എന്ന ആശങ്ക ആ വൃദ്ധ മനസ്സിനെ തളർത്തി. വൈകുന്നേരം തന്റെ മകന്റെ കൂട്ടുകാരെ വിളിച്ചൊരു പാർട്ടിയുണ്ട്.

അകത്തുനിന്ന് ഒരു കുശലം കേട്ടു. ചേട്ടാ അച്ഛനെയും അമ്മയെയും നമ്മൾ ഇവിടെ നിർത്തിയാൽ എന്ത് ചെയ്യും? ചേട്ടന്റെ കൂട്ടുകാർ വന്ന് കാണുമ്പോൾ അവരെന്ത് വിചാരിക്കും? ഭാര്യയുടെ ചോദ്യം കേട്ട് അയാൾ ഒന്ന് പതറി. അതിനിപ്പോൾ നമ്മൾ എന്ത് ചെയ്യും? അതിനൊരു വഴിയുണ്ട്. ചേട്ടാ... നമുക്കവരെ.....

അയാൾ ഞെട്ടിയുണർന്നു. കഴിഞ്ഞുപോയ കാര്യങ്ങൾ അയാളെ കൂടുതൽ തളർത്തി. മകന്റെ പിറന്നാൾ സമ്മാനമായി അച്ഛൻ മകനൊന്നും കൊടുത്തില്ല. പകരം മകൻ നൽകിയ സമ്മാനമാണിത്. ഈ കാണാമറയത്ത് ഒരു ശാന്തിയും സമാദാനവുമില്ലാതെയുള്ള ജീവിതം. പൊട്ടിത്തകർന്ന് പോയ കുടുംബം. ജീവിതം തന്റെ മകനെയോർത്ത് കരഞ്ഞ് തീർക്കാനുള്ളതായി മാറി. പക്ഷേ ഞങ്ങളുടെ സ്നേഹം അവൻ തിരിച്ചറിഞ്ഞില്ല. ഇരുട്ടിന്റെ അന്ധകാരമെന്നപോൽ അവൻ ഞങ്ങൾക്ക് സമ്മാനിച്ച തടവറയാണ് ഈ വൃദ്ധസദനം.



കവിത / ഫാത്തിമ ഹാദിയ വി.പി. [IX-A]

# അമ്മ



എൻ വഴിവിളക്കാണ് അമ്മ
ആ വിളക്കിൻ പ്രകാശത്തിന് കീഴിലായ്
ഞാൻ സഞ്ചരിച്ചു.
ഞാൻ അറിഞ്ഞ ശാശ്വതമാം
സ്നേഹം അത് അമ്മയുടേതാണ്.
അത് ഞാൻ മറ്റുള്ളവരിലേക്കും
പകുത്തുനൽകാൻ ശ്രമിച്ചു.
ഇല്ല അമ്മയോളമെനിക്കാവാൻ കഴിയില്ല
ഞാൻ വായിച്ചറിഞ്ഞതിൽ വെച്ചേറ്റവും
വലിയ പുസ്തകം അത് അമ്മയാണ്.
ആദ്യമായ് ഞാൻ മധുരമാം കേട്ട ഭാഷ
അത് അമ്മയുടേതാണ്.
ഞാൻ അറിയാതെ പോയ,
പിന്നീട് അറിഞ്ഞതുമായ
ഏറ്റവും വലിയ സഹനക്കടലാണമ്മ
തിരമാലകൾ ആഞ്ഞടിക്കാൻ
വെമ്പുന്നുണ്ടായിരുന്നു.
ഇല്ല, അത് എന്റെ തോന്നൽ മാത്രമായ്
ഒരുപക്ഷേ യാഥാർത്ഥ്യമാകാം.
സ്നേഹകവചമാം ആ ഹൃദയത്തോട്
മാതൃത്വത്തോട് പോരാടാൻ
പരാജയപ്പെടുത്താനില്ലാ...
ഭൂമിയിലൊരു ജീവനും.

കവിത / ഫാത്തിമ ഹാദിയ വി.പി. [IX-A]

# എന്തുകൊണ്ട് നീ

ഞാൻ മോഹിച്ചിടുന്നു,
പദ്യം കൊണ്ടും ഗദ്യം കൊണ്ടും
എൻ പുസ്തകത്താളുകൾ നിറയ്ക്കാൻ
രാവിലും പകലിലും
നിദ്രയില്ലാ നിശകളിലും
നിനക്കായ് എന്റെ മനസ്സിനെ
മാറ്റിവെയ്ക്കുന്നു ഞാൻ
പി യെപ്പോലെ ഞാനും
പ്രകൃതിയിൽ നിന്നും
കവിതയെ ആവാഹിച്ച്
എൻ മനസ്സിൽ അടുക്കിവെച്ചു
എന്നിട്ടും,
എന്തുകൊണ്ട് നീ...
അക്ഷരങ്ങളായ്,
വാക്കുകളായ്,
വരികളായ്
കഥയായ്,
കവിതയായ്
എന്റെ തൂലികയിലൂടെ അടർന്നുവീണ്
എന്റെ പുസ്തകത്താളുകളെ
നിറയ്ക്കുന്നില്ല.



കഥ / അനശ്വര പി. [IX-A]




# അന്ധകാര കോമരങ്ങൾ

കരുണയുടെ സൂര്യനസ്തമിച്ച
മഹാക്ഷേത്രാങ്കണം ചോരക്കളങ്ങളെ
സൃഷ്ടിച്ചു.
അന്ധകാരകോമരങ്ങൾ വിശുദ്ധരാജ്യത്തെ
വെള്ള വർണ്ണത്തെ ചുവപ്പിച്ചു.
ചെറുകുരുന്നിന്റെ കണ്ണിലെ
ചോര തെറിപ്പിച്ച്
അവളുടെ ആത്മാവിന്റെ മാംസത്തെ
രുചിച്ച്, നെറ്റിയിൽ രക്തചന്ദനം പുരട്ടി.
ദൈവത്തിന് സ്തുതി പാടിയവർ
ജമ്മുവിന്റെ താഴ്വരങ്ങളിൽ
കുരുതിപ്പൂജ നടത്തി.
പറയുവാകാത്ത നൊമ്പരത്തിനോ-
രങ്ങളായി വേട്ടയാടുന്നിന്നും
അന്ധകാര കോമരങ്ങൾ.

കഥ / ഷാന ഷെറിൻ കെ. [IX-R]

# റാന്തൽ വിളക്ക്




സന്ധ്യമയങ്ങിയതും അവൻ റാന്തൽ വിളക്ക് കത്തിച്ച് മുറ്റത്തേക്കിറങ്ങി. ഇളം കാറ്റ് അവനെ മന്ദം മന്ദമായി തഴുകിക്കൊണ്ടേയിരുന്നു. ഉറങ്ങിക്കിടക്കുന്ന മരങ്ങളെ ഞെട്ടിയുണർത്തുന്ന ഇളംകാറ്റ്. കാറ്റിന്റെ തഴുകലിൽ നിന്നുണരുന്ന മരങ്ങൾ അവനെ ഉറ്റുനോക്കുന്നുണ്ടായിരുന്നു. അവക്കൊന്നും മുഖം കൊടുക്കാതെ അവൻ മൂകമായി നിന്നു. വർണ്ണ നിറങ്ങളാൽ മനോഹരമായ നക്ഷത്രങ്ങൾക്കിടയിലൂടെ വെള്ള പുതപ്പ് മൂടി കിടക്കുന്ന ചന്ദ്രൻ അവനെ തന്നെ നോക്കുന്നുണ്ടായിരുന്നു. ആ നോട്ടത്തിന് എന്തോ പ്രത്യേകതയുള്ളത് പോലെ അവന് തോന്നി. ഒരു സ്വപ്നമെന്ന പോലെ അവളുടെ മനസ്സിലേക്ക് അന്ന് നടന്ന സംഭവം മിന്നിമറഞ്ഞു. സാസ്ഥ്യം നഷ്ടപ്പെട്ട ഇന്നലെകൾ. അച്ഛനും അമ്മയും വേർപിരിഞ്ഞ ദിവസം. അവളെ സമാധാനിപ്പിക്കാനെന്നോണം ഇളംകാറ്റ് അവളെ സ്വപ്നത്തിൽ നിന്നുണർത്തുന്നു. തന്റെ അച്ഛൻ ഒരു മദ്യപാനിയായിരുന്നില്ലെങ്കിൽ ഇങ്ങനെയെല്ലാം സംഭവിക്കുമായിരുന്നോ? എന്തൊരു നിമിത്തമാണെന്റെ ജീവിതം. എന്റെ അച്ഛൻ എവിടെ? ജീവിച്ചിരിപ്പുണ്ടോ? എന്നെക്കുറിച്ച് ഓർക്കുന്നുണ്ടാവുമോ? എന്തെല്ലാം ചിന്തകളാണ് അവന്റെ ചിന്തകളിലേക്ക് ഇളംകാറ്റിനോടൊപ്പം ഒഴുകിയെത്തിയത്.


അവൻ കരയാൻ തുടങ്ങി. കണ്ണീർ തുടക്കാൻ വേണ്ടിയാവാം. അവൻ റാന്തൽ വിളക്ക് അരികിലുള്ള മരത്തിന്റെ ചില്ലയിൽ തൂക്കിയിട്ടത്. കാറ്റ് ശക്തമായി അടിക്കുന്നത് പോലെ തോന്നി. ഒപ്പം ചെറിയ ചാറ്റൽ മഴയും പെയ്തു. ഇടിയുടെ ഇരമ്പലിന്റെ അഗാധമായ ശബ്ദം അവനെ സ്വപ്നങ്ങളിൽ നിന്നുണർത്തുന്നു. മരങ്ങൾ ആടിയുലഞ്ഞ് നിൽക്കുന്നു. ചന്ദ്രനും നക്ഷത്രവും അവനോട് യാത്ര പറഞ്ഞ് എങ്ങോട്ടോ മറഞ്ഞു.

അവൻ അകത്തേക്ക് കയറി. അമ്മയുടെ കരച്ചിൽ അവൻ കേൾക്കുന്നുണ്ടായിരുന്നു. ഇടിയുടെ ഇരമ്പൽ കൂടുന്നതിനനുസരിച്ച് മഴയും പെയ്തിറങ്ങുന്നുണ്ടായിരുന്നു. അകത്ത് നിന്ന് നോക്കുമ്പോൾ ആകാശം കറുത്തിരുണ്ടിരിക്കുന്നു. മഴയെ സ്നേഹാരവത്തോടെ തൊട്ടുതലോടാൻ അവൻ കൈകൾ പുറത്തേക്ക് നീട്ടി. അപ്പോഴും ഇളംകാറ്റ് അവനെ തഴുകുന്നുണ്ടായിരുന്നു.

## വരകൾ... വർണ്ണങ്ങൾ...



ഹൃതിക് എൻ.വി. [IX-A]



ത്വയ്യിബ നസ്റിൻ

# എരിഞ്ഞമർന്ന ഇതളുകൾ



അച്ഛന്റെ സെക്കന്റ് വൈഫാന്നാ പറഞ്ഞത്. വിലാസിനിയുടെ നഞ്ചുരുകിപ്പോയി. പണ്ട് താൻ തുന്നിയ തൂവാലക്ക് വേണ്ടി അവനെന്തും ത്യജിക്കുമായിരുന്നു. ഇന്നോ അതെല്ലാം ഓർമ്മകൾ മാത്രം. അവൾ തന്റെ കണ്ണുനീർ തുടച്ചു.

പിറ്റേന്ന് ചെക്കപ്പിനായി വിലാസിനിക്ക് ഹോസ്പിറ്റലിൽ പോകണമായിരുന്നു. മരുമകളോട് പറഞ്ഞാൽ ദേഷ്യപ്പെടും. അതുകൊണ്ട് തന്നെ രമണിയോടൊപ്പമാണ് അവൾ പോയത്. തിരിച്ചുവരുന്ന വഴിയിൽ റോഡിലൊരാൾക്കൂട്ടം. എന്താണെന്ന് പോയിനോക്കിയ വിലാസിനി സ്തംഭിച്ചുപോയി. ചോരയിൽ കുതിർന്ന് കിടക്കുന്ന തന്റെ പൊന്നുമോൻ... ബസിനടിയിലേക്ക് ബൈക്കിടിച്ച് കയറുകയായിരുന്നു. ആരോ അടക്കം പറഞ്ഞു. ലോകം അവസാനിക്കുന്നത് പോലെ അവൾക്ക് തോന്നി. അവളുടെ കരച്ചിൽ അവിടമാകെ പ്രതിധ്വനിച്ചു. എരിഞ്ഞമർന്ന ഇലയെപ്പോലെ അവൾ തളർന്നുവീണു. ലോകം തന്നെ ഉറ്റുനോക്കുന്നതായി അവൾക്ക് തോന്നി. ഒരു നിലവിളി അവിടെ പ്രതിധ്വനിച്ചുകൊണ്ടേയിരുന്നു.

വിലാസിനി ഇന്ന് തിരക്കിലാണ്. അവൾ വളരെ സന്തോഷത്തിലുമാണ്. തന്റെ മകൻ ഗിരി ഇന്ന് അഞ്ച് വർഷത്തിന് ശേഷം അമേരിക്കയിൽ നിന്നും വരുന്നു. അവന് വേണ്ടി അവനിഷ്ടപ്പെട്ട സാമ്പാറും അവിയലും പായസവും ഉണ്ടാക്കുന്ന തിരക്കിലാണവൾ.

'രമണീ അവരിപ്പോഴെത്തും. വാഴയില വെട്ടിക്കൊണ്ടു വാ..."


മകൻ വരുന്ന വിവരം അയലത്തെ വീട്ടിലെ രമണി പറഞ്ഞപ്പോഴാണറിഞ്ഞത്. ഗിരിയെ എയർപോർട്ടിൽ നിന്നും കൊണ്ടുവരാൻ മരുമകളും കുട്ടികളും പോയിട്ടുണ്ട്. അവർക്ക് വേണ്ട ഭക്ഷണമൊരുക്കുകയാണ് വിലാസിനി. ജോലി കഴിഞ്ഞ് ഉമ്മറത്തിരിക്കുമ്പോൾ ഒരു കാർ ഗേറ്റിന് മുന്നിൽ വന്നുനിന്നു. ഓടിച്ചെന്നവർ ഗേറ്റ് തുറന്നു. കാറിൽ നിന്നിറങ്ങിയ മകനെ വിലാസിനി കെട്ടിപ്പുണർന്നു. ഗിരി തന്റെ ഫ്രണ്ട്സിന് വിലാസിനിയെ പരിചയപ്പെടുത്തി. 'ഇതച്ഛന്റെ സെക്കന്റ് വൈഫ്'. വിലാസിനിക്ക് ലോകം മുഴുവൻ ഇരുളടഞ്ഞതാണെന്ന് തോന്നി. പ്രസവിച്ചില്ലെങ്കിലും താനവന്റെ അമ്മ തന്നെയല്ലേ. എന്നവൾ ചിന്തിച്ചു. മനസ്സ് ഒരു സങ്കടക്കടലായി ഒഴുകാൻ തുടങ്ങി. അവൾ വേഗം അടുക്കളയിലേക്ക് നീങ്ങി.

ഊണ് കഴിക്കാൻ മകനെ വിളിച്ചപ്പോൾ ഞങ്ങൾ കഴിച്ചു. അമ്മ കഴിച്ചോളൂ എന്ന് പറഞ്ഞ് അവർ മുറിയിലേക്ക് പോയി. വാഴയിലയുടെ ഒരറ്റത്ത് ഇറ്റിവീണ കണ്ണുനീർ സാരിത്തുമ്പ് കൊണ്ട് ആരും കാണാതെ അവൾ തുടച്ചെടുത്തു. കഴിച്ചെന്ന് വരുത്തി അവളെണീറ്റു ഉമ്മറത്തിരുന്നു. പണ്ടൊക്കെ കൂട്ടുകാരോട് ഇതെന്റെ അമ്മയാടാ എന്ന് പറഞ്ഞിരുന്നവൻ ഇന്ന്

## വരകൾ... വർണ്ണങ്ങൾ...



റിൻഷാദ് [VIII-R]



ആര്യ വി. [IX - A]

IUHSS
PARAPPUR

കവിത / സഫ്ന സി. [X-H]

## സംഗീതം

പുതുമഴ പെയ്ത നിലാവത്ത്
പുഴയായ് ഒഴുകി സംഗീതം
പുലരൊളിയായൊരു നേരത്ത്
പൂവായ് വിടർന്നൊരു സംഗീതം
പൂമഴ പൊയ്തൊരു സ്വപ്നത്തിൽ
സുഗന്ധമായ് വന്നു സംഗീതം
കുന്നിൻ ചെരുവിലിരുന്നപ്പോൾ
കുളിർകാറ്റായ് വന്നു സംഗീതം
ജീവിത യാത്രയിൽ എന്നുമെന്റെ
സ്വപ്നമായി മാറി സംഗീതം

കവിത / അനശ്വര പി. [IX-A]

## സ്ത്രീ

ചവറ്റുകൊട്ടയിലെറിയേണ്ട ചവറായിമാറി
വിറകുകൊള്ളിപോൽ അടുപ്പിൻ മൂലയിൽ
എരിഞ്ഞമരാൻ തീർന്ന ജന്മമായി
കാമത്തിന്റെ സമയമെണ്ണാൻ തീർത്ത
വെറും ശില്പമായി മാറി
കത്തിയമരാൻ മാത്രം ജനിച്ച
മെഴുകുതിരിയായി മാറി
വെട്ടിവീഴ്ത്താൻ മാത്രം ജിവിച്ച
ദേഹമായി മാറി
ആ മാറ്റത്തിന്റെ മുഖത്തിന്
ദൈവം നൽകിയ പേര് സ്ത്രീ.

കവിത / മുൻസില ഐ.പി. [X-I]

## ചിരിക്കുന്ന മുഖമൂടി

മുഖത്തൊട്ടിച്ചൊരാ മുഖമൂടിയൊന്ന-
ടർത്തിയെടുക്കണം.
കരഞ്ഞ കണ്ണിനുപുച്ഛം,
കണ്ണീരുപ്പറിഞ്ഞിടും
'ഇളി' നിർത്താത്ത അധരങ്ങളോട്...
ആത്മാവ് മരിച്ചവരങ്ങ-
നെയെന്നവയ്ക്കറിയില്ലല്ലോ...
മിഴികളെ തെളിനീരിനാൽ വെഞ്ചരിച്ച്,
ചിരിക്കുന്നൊരാ മുഖമൂടി
വീണ്ടുമണിയണം....
അതെ.... എനിക്കിനിയും ചിരിക്കണം.

കവിത / ആദില നസ്റിൻ [IX-F]

## അതിഥി

ജീവിതമെന്ന ഒരു സാഹായ്ന നിമിഷത്തിൽ
എവിടെയോവെച്ച് കണ്ടുനിന്നെ ഞാൻ
നിന്നോട് കൂട്ടുകൂടാൻ പേടിയായിരുന്നെനിക്ക്
നിന്റെ കോപാഗ്നിയിൽ നീയെന്നെ-
യെരിച്ചുകളയുമോ എന്നല്ല.
മറിച്ച്, എന്റെ ജീവിതത്തെ നീ
തകർക്കുമോ എന്നായിരുന്നുവെന്റെ ഭയം
നിന്നോട് ഞാൻ കേണപേക്ഷിച്ചു
എന്റെ യാതനകൾക്ക് വിരാമമിട്ട്
ഈ ലോകത്തുനിന്നും എന്നെന്നേക്കുമായി
കൊണ്ടുപോയില്ലേ എന്നെ.
എന്റെ അതിഥിയായി വന്ന നീ
നിന്റെ അതിഥിയായി ചേർത്തില്ലേയെന്നെ
നഗ്നമാം എൻ ശരീരത്തെ
നിന്റെ ന്യൂനതകൊണ്ട് മറിച്ചില്ലെ നീ
പിച്ചിച്ചീന്തപ്പെട്ടയെൻ ശരീരത്തെ
ഇരുകൈകളാൽ കോരിയെടുത്തില്ലെനീ
അല്പമെങ്കിലും ജീവനുള്ള എന്നെ
നീ നിർജ്ജീവമാക്കിയില്ലേ
ഈ ശപിക്കപ്പെട്ട ലോകത്തുനിന്നും
ഇപ്പോഴിതാ ഞാൻ സന്തോഷവതിയും
സ്വതന്ത്രയുമായിരിക്കുന്നു.

കവിത / നിധിൻ എം. [X-A]

## ഐക്യകേരള പ്രതിജ്ഞ

മൂന്നായ് മുറിഞ്ഞുകിടക്കുമീ കേരളം
ഒന്നാക്കുമെന്നായ് പ്രതിജ്ഞ ചെയ്യുന്നു നാം
നൂറ്റിയിരുപത്തിയഞ്ച് ലക്ഷം കരൾകളിൽ
ഒത്തുതുടിപ്പതീ സത്യാക്ഷരങ്ങളാം
രണ്ടരക്കോടി ബലിഷ്ഠഹസ്തങ്ങളീ
സംഗരത്തിങ്കലുണ്ടായുധമേന്തുവാൻ
ധൈര്യമുണ്ടെങ്കിലെതിർത്തിനി നിൽക്കട്ടെ
ദൈവാധികാരവും സന്ധിപ്പഴമയും
ശക്തിയുണ്ടെങ്കിലെതിർത്തിനി നിൽക്കട്ടെ
ധിക്കാര കാപട്യ മർദ്ദനശക്തികൾ
സ്വേച്ഛാധിപത്യം തകർന്നു. ബഹുജന-
സ്വച്ഛന്ദവാഴ്ച നടപ്പാക്കുമിങ്ങുനാം.
ഒറ്റ ജനസഭ. ഒറ്റ നീതിന്യായം.
ഒറ്റ സർക്കാരിനിക്കേരളഭൂമിയിൽ.

ഉപന്യാസം / തീർത്ഥാഞ്ജലി [X-A]



# പ്രളയം നൽകിയ ഒരുമ

ആചാരങ്ങളും അനുഷ്ഠാനങ്ങളും ഒത്തൊരുമിച്ച നമ്മുടെ കേരളത്തിന് ഒരു താങ്ങാനാവാത്ത പ്രളയം സമ്മാനിച്ചിരിക്കുന്നു. ആ പ്രളയത്തെ നമ്മൾ ഹിന്ദു മുസ്ലിം എന്ന വ്യത്യാസമില്ലാതെ തന്നെ നേരിട്ടു. ഈ വ്യത്യാസം മാറിക്കിട്ടാൻ ഒരു പ്രളയം തന്നെ വേണ്ടിവന്നു. പലരുടെയും കൈതാങ്ങുകളും സംരക്ഷണവും വേണ്ടിവന്നു. അതും അകറ്റി നിർത്തിയവരുടെ.

പണ്ടത്തെ കേരളത്തിൽ തന്നെ ജാതി മത വ്യത്യാസമില്ലാതെ നടന്നിരുന്നു. ചാലിയം കോട്ടയിലെ വിജയത്തെ പ്രകീർത്തിച്ചുകൊണ്ട് അറബി എഴുതിയ കാവ്യമാണ് 'ഫത്ഹുൽ മുഹീൻ' (വ്യക്തമായ വിജയം). അതിൽ ഇപ്രകാരം കാണാം "ഇസ്ലാം മതത്തിനും ഹിന്ദു ധർമ്മത്തിനും വേണ്ടി ഒരുപോലെ പോരാടിടും. ഹിന്ദുവായുള്ളൊരീ രാജാവിനെ കണ്ടുപിടിക്കുവിൻ സുൽത്താന്മാരെയെന്ന്" അക്കാലത്ത് സാമുദായിക സൗഹാർദ്ദത്തെ സൂചിപ്പിക്കുന്നു. ഈ പ്രളയത്തിലൂടെ നാമെല്ലാവരും ഒത്തുകൂടി ഒന്നായ് ചേർന്ന് കേരളത്തെ ബാധിച്ച വൻ പ്രളയത്തെ ഒരു സൗഹാർദ്ദത്തിന്റെ, പുതിയ സ്നേഹത്തിന്റെ പുതിയ കേരളത്തെ നാമെല്ലാവരും ഒത്തുകൂടി സൃഷ്ടിച്ചെടുക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. കേരളത്തിന്റെ ആ പുതിയ സൃഷ്ടിക്കായ് കേരളത്തിന്റെ പിറന്നാളിന് തന്നെ തുടങ്ങാം. ഒരുമയോടെ പാതകൾ താണ്ടി വിജയങ്ങൾ നെയ്യുന്ന നാളയെ സൃഷ്ടിക്കാൻ നമുക്കേവർക്കും കൈകോർക്കാം.

ചെറുകഥ / രമ്യ എം.കെ. [X-A]

# ഇരുട്ടിന്റെ കൂട്ടുകാരി

അയാൾ അക്ഷരങ്ങളെ അലസമായി വെട്ടിയും കുത്തിയും കടലാസുകളിൽ പെറുക്കി വെക്കുമ്പോൾ നിരക്ഷരയായ അമ്മ മൂക്കത്ത് കയ്യും വെച്ച് നിൽക്കാറുണ്ട്. ആ കടലാസ് കഷ്ണങ്ങൾ ചവറ് കൂമ്പാരമായി മാറുമ്പോൾ അമ്മയുടെ ആധി ദിനം പ്രതി കൂടിക്കൊണ്ടിരുന്നു. അവസാനം മകന് 'ഭ്രാന്തൻ' എന്ന വിശേഷണം ചാർത്തിക്കൊടുത്ത് ഇരുട്ടറയിൽ തള്ളുമ്പോൾ അമ്മയുടെ മനം വിങ്ങുന്നുണ്ടായിരുന്നു. പെറ്റമ്മ പോലും തനിച്ചാക്കിയപ്പോൾ തൂലികയും കടലാസ് കഷ്ണങ്ങളും അയാൾക്ക് കൂട്ടിരുന്നു. ആ ദിവസങ്ങളിൽ അയാൾക്കുണ്ടായിരുന്ന അടങ്ങാത്ത കലിയെ പേറ്റുനോവിന്റെ ഗന്ധവും താരാട്ടുപാട്ടിന്റെ നാദവും തളർത്തി. കണ്ണുകളിൽ നിന്ന് കണ്ണീർ ചാലുകൾ ഉത്ഭവിച്ചു. എങ്ങനെയെങ്കിലും പുറത്തുകടക്കണം. ഒരു പാമ്പിനെപ്പോലെ തന്റെ കാലിനെ ചുറ്റിവരിയുന്ന ചങ്ങലയെ അയാൾ ഈർഷ്യയോടെ നോക്കി. ഇവിടെ കിടന്ന് ഒരു മെഴുകുതിരിയെപ്പോലെ തന്റെ ജീവിതം എരിഞ്ഞുതീരുക എന്നത് അസംഭവ്യമാണ്. ഓരോ അവതാരത്തിനും ഓരോ ലക്ഷ്യമുണ്ട്. അത് പൂർത്തിയാക്കാതെ തനിക്കീ ലോകത്ത് നിന്ന് മടങ്ങാനൊക്കുകയില്ല. പുറത്ത് കടക്കുവാനുള്ള ആവേശം അയാളിൽ തിരതല്ലി. ഈ ബന്ധനത്തെ ഏത്രയും വേഗം തകർക്കണം. എന്നിട്ട് ആ മടിയിൽ ഒന്ന് തലചായ്ക്കണം. തലമുടിയിഴകളിലൂടെ തഴുകാറുള്ള ആ വിരലുകൾ ഒന്നുകൂടി പിടിക്കണം. പതഞ്ഞൊഴുകുന്ന നദികളെയും കാറ്റിലാനന്ദനൃത്തമാടുന്ന തെങ്ങുകളെയും കൺനിറയെ കാണണം. ആരും കാണാതെ മനസ്സ് നിറയും വരെ എഴുതണം.

---

ഉപന്യാസം / അജന്യകൃഷ്ണ [X-A]



# കേരളത്തിന്റെ കലകളും സാഹിത്യവും

ലോകമെങ്ങും കേരളത്തെ പ്രശസ്തമാക്കിയ കലയാണ് കഥകളി. കഥകളി പോലെ സാഹിത്യം, നൃത്തം, സംഗീതം, വാദ്യം, ശില്പം, അഭിനയം തുടങ്ങിയ ഇത്രയേറെ കലകൾ സമ്മേളിക്കുന്ന മഹത്തായ കലാരൂപം ലോകത്ത് ചുരുക്കമാണ്. മോഹിനിയാട്ടം, കൂത്ത്, തുള്ളൽ, കൂടിയാട്ടം, ചവിട്ടുനാടകം, മാർഗ്ഗം കളി, തെയ്യം, യക്ഷഗാനം ആദിയായ അനവധി കലകൾ കേരളത്തിൽ വളർന്ന് വികസിച്ചിട്ടുണ്ട്.

സാഹിത്യം, സിനിമ തുടങ്ങിയ രംഗങ്ങളിലും മലയാളവും കേരളവും ലോകമെങ്ങും അതി പ്രസക്തമാണ്. ഒമ്പതാം നൂറ്റാണ്ടോടെയാണ് തമിഴിൽ നിന്ന് മലയാളം സ്വതന്ത്രമായി വളർന്നത്. കേരള ഭാഷയും സംസ്കൃതവും മണി പ്രവാള കവിതകൾ ആദ്യകാലത്ത് ഉണ്ടായി. ശുദ്ധ മലയാള കവിതകളാണുണ്ടായത്. 'മലയാള ഭാഷയുടെ പിതാവാ'യി ആദരിക്കപ്പെടുന്ന തുഞ്ചത്തെഴുച്ഛന്റെ കാലം മുതലാണ്. ഇരയിമ്മൻ തമ്പിയുടെ ആട്ടക്കഥകളും കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ പാട്ടുകളും മലയാളത്തെ സമ്പുഷ്ടമാക്കി.

ശില്പ തന്ത്രത്തിൽ കേരളത്തിന് ഉന്നത സ്ഥാനം നേടിത്തന്ന പെരുന്തച്ചനെ നമുക്കിവിടെ നമസ്കരിക്കാം. ആലുവയ്ക്കടുത്തുള്ള ഉളിയന്നൂരിലാണ് പെരുന്തച്ചൻ ജനിച്ചത്. ഉളിയന്നൂരിലെ ക്ഷേത്രക്കുളം അത്ഭുതകരമായ കാഴ്ചയാണ്.

ഉപന്യാസം / നൈഷാ മിന്നാഫ് സി.ടി. [X-A]

# കേരള ചരിത്രത്തിന്റെ ഇടവഴികളിലൂടെ...

ആറ് പതിറ്റാണ്ട് കാലങ്ങൾ പിന്നിടുമ്പോൾ, ചരിത്രത്തിന്റെ പുസ്തകത്താളുകളിൽ മായാമുദ്രകൾ പതിഞ്ഞിരിക്കുന്നു. വിജയക്കുതിപ്പുകൾക്കൊപ്പം ദുരന്തങ്ങളുടെ തീരാ ദുഖത്തിൻ ആഴക്കടൽ നീന്തി കരകയറാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കേരളനാട് നവരസങ്ങളാൽ മുഖരിതമായ കാലഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്നു.

1956 നവംബർ 1-ന് ജന്മമെടുത്ത കേരളക്കര 62 വർഷങ്ങൾ താണ്ടി ഇന്ന് വീണ്ടും ജന്മദിനത്തിലെത്തി അതേ ആരവങ്ങളോടെ നിലകൊള്ളുമ്പോൾ കേരള ജനതയുടെ ഹൃദയങ്ങളിൽ പതിഞ്ഞ സുഖ ദുഖ സമ്മിശ്രമാം നിമിഷങ്ങളായ ഓർമ്മകളുടെ ലോകത്തിൽ വീശിപ്പറക്കുന്നു.

ഭാഷാടിസ്ഥാനത്തിൽ കേരളം രൂപീകൃതമാകുകയും കൃഷിയെ ഉപജീവനമാർഗ്ഗമാക്കി ജനങ്ങൾ ജീവിതം നയിക്കുകയും പ്രകൃതി വിഭവങ്ങളാൽ സമൃദ്ധമായ കേരളനാട്ടിൽ കയർ നിർമ്മാണവും കരകൗശല വസ്തുക്കളുടെ നിർമ്മാണവും ഉയർന്നുവരികയും ചെയ്തു.

തൃശൂർ പൂരം, ഓണം തുടങ്ങിയ ആഘോഷങ്ങളും തിരുവാതിര, കഥകളി, ഒപ്പന തുടങ്ങിയ കേരളീയ കലകളും പല പ്രാദേശികമായ വ്യത്യാസങ്ങൾ ഉൾക്കൊണ്ടിരുന്ന മലയാളം എന്ന മാതൃഭാഷയും കേരളത്തിന്റെ മുഖമുദ്രകളാണ്. കേരളനാടിന് ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ ഹർഷപുളകിതമായ സ്വീകരണം നൽകുന്നതും ഈ കലാപാരമ്പര്യങ്ങളും ആഘോഷങ്ങളും ആചാരങ്ങളും കാത്തുസൂക്ഷിക്കുന്നതിനാലാണ്.

ആറ് പതിറ്റാണ്ടുകൾക്കിടയിൽ മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതും വാർത്താ തലക്കെട്ടുകളോടെ വായിച്ചറിഞ്ഞ് അഭിമാനം കൊണ്ടവരാണ് കേരളത്തിൽ പിറന്നുവീണ





നാം.

ലോകത്തെ ആകർഷിച്ച വള്ളംകളിയും ഉത്സവങ്ങളും ഇന്നും കൊടിയേറുന്ന കേരള മണ്ണിൽ ഇന്ന് ശാസ്ത്രസാങ്കേതിക പുരോഗതി കൈവരിച്ച ഒരു സമൂഹമാണ് നിലകൊള്ളുന്നത്.

കേരള സർക്കാർ റോബോട്ടിക്സ് തുടങ്ങി ശാസ്ത്രലോകത്തിൽ മിന്നും നേട്ടങ്ങൾ കൈവരിക്കാനുള്ള പദ്ധതികൾ ആരംഭിച്ചിരിക്കുന്നു. എന്നാൽ കഴിഞ്ഞ ദിനങ്ങളിൽ പ്രളയ ദുരിതത്തിൽ മുങ്ങിക്കുതിർന്ന് കേരള ജനതയുടെ ഹൃദയങ്ങളിൽ ദുഖത്തിൽ നിമിഷങ്ങളെ കോറിയിട്ട്, ശമിച്ച പേമാരിയിൽ പൊലിഞ്ഞ ജീവനുകളോടൊപ്പം തകർന്നുവീണത് ചിലരുടെ സ്വപ്നങ്ങളായിരുന്നു. പക്ഷെ ജാതി മത ഭേദങ്ങളെ ആയുധമാക്കി അന്യനെ ഹനിക്കാൻ മടിക്കാത്ത ജനതയുടെ സാക്ഷ്യപത്രങ്ങളായ പത്രത്തലക്കെട്ടുകളിൽ ആ ദിനങ്ങളിൽ നിറഞ്ഞുനിന്നത് യാതൊരു വിത്യാസങ്ങളെയും പരിഗണിക്കാതെ മറ്റുള്ളവരെ മനുഷ്യനായിക്കണ്ട മലയാളികളുടെ കൂട്ടായ പ്രവർത്തനങ്ങളാണ്.

വിശപ്പിന്റെ ദുഖം തിരിച്ചറിയാതെ അന്യന്റെ ജീവനെ ചവിട്ടിയരച്ച, സ്ത്രീ ജീവിതത്തിൽ ക്രൂരതകൾ നിറഞ്ഞാടിയപ്പോൾ ഗുണ്ടകളുടെ നാടായി ദൈവത്തിന്റെ നാട് പരിണമിച്ചതായി നാം പരിഭവിച്ച ദിനങ്ങളും കേരള ചരിത്രത്തിൽ പുസ്തകത്താളുകളിൽ കുറിക്കപ്പെടുന്നു.

ശബരിമല പ്രവേശനത്തെ തുടർന്ന് വാദപ്രതിവാദങ്ങൾ നടക്കുന്ന ഇന്ന് വിശ്വാസങ്ങളുടെ പേരിൽ ഭീകരമാം അന്തരീക്ഷം സൃഷ്ടിക്കുന്ന കേരളത്തിന്റെ യുവതീ യുവാക്കൾ തീർച്ചയായും ഈ കേരള പിറവി ദിനത്തിൽ സമാധാനത്തിന്റെ ചിറകുകൾ വീശിപ്പറന്നുയരുന്ന ഒരു കേരള നാടിനെ കണികാണാമെന്ന് നമുക്ക് പ്രത്യാശിക്കാം.

ചെറുകഥ / അക്ഷയ [X-A]

# ദുരന്തങ്ങൾ പാഠമാകുമ്പോൾ



തുലാവർഷത്തിലെ ഒരു രാത്രി. അണുകുടുംബം സ്വസ്ഥമായ് കിടന്നുറങ്ങുകയായിരുന്നു. പെട്ടന്നാണ് ഗ്രഹനാഥൻ പ്രകാശ് ഞെട്ടിയുണർന്നത്. തന്റെ ജീവിതത്തിലെ തന്നെ ഭയാനകമായ ആ രാത്രിയുടെ ഓർമ്മയാണ് അവനെ ഞെട്ടിയുണർത്തിയത്. അടുക്കളയിൽ പോയി കുറച്ച് വെള്ളം കുടിച്ച് കിടക്കയിൽ തന്നെ ചാരിയിരുന്നു. ആ രാത്രി അയാൾ ഓർക്കുകയാണ്. ഇതുപോലെ ഒരു രാത്രി കിടക്കയിൽ വെള്ള തട്ടിയ സമയം ഭാര്യ വിനീത ഉണർന്ന് നോക്കിയപ്പോൾ പ്രളയജലം തങ്ങളുടെ കിടക്കയിലേക്ക് നീങ്ങുന്നു. സകലതും നഷ്ടപ്പെട്ട സമയം. അവർ രണ്ട് വയസ്സുള്ള മകനെയും നാല് വയസ്സുള്ള മകളെയും കൂട്ടി ടെറസിൽ വന്നുനിന്നു. ജീവൻ രക്ഷിക്കാനായി ഓടിയ സമയം മൊബൈൽ ഫോൺ ജലം കവർന്നിരിക്കുന്നു. സൺസൈഡിലേക്കായി വെള്ളം കയറിയ സമയം ആ രണ്ട് കുട്ടികളും ഭാര്യയും പ്രകാശിന്റെ നെഞ്ചിലമർന്ന് കിടന്നു. അവർ നിന്ന സ്ഥലത്തേക്കും ജലം ഓടിക്കിതച്ച് വരികയാണ്. അവസാനം തന്റെ മകനെയെങ്കിലും രക്ഷപ്പെടുത്താനായി ടെറസിൽ സൂക്ഷിച്ചിരുന്നു വലിയ പാത്രത്തിൽ അവനെ ഇരുത്തി അന്ത്യചുംബനവും നൽകി ഒഴുക്കിവിട്ടു. ഇപ്പോൾ ജലം അവരുടെ വയറ് വരെയും വന്നിരിക്കുന്നു. മകളെ തലയിൽ കയറ്റിയിരുത്തിയിരിക്കുന്നു പ്രകാശൻ. വിനീത അപ്പോഴും തേങ്ങിക്കൊണ്ടിരിക്കുകയാണ്. ആ സമയത്ത് ആരാണെന്നോ ഒന്നും അറിയില്ല. ഒരു ബോട്ട് വന്ന് അവരെ കയറ്റിക്കൊണ്ട് പോയി രക്ഷപ്പെടുത്തി. ബോട്ടിൽ അവരുടെ രണ്ട് വയസ്സുള്ള തങ്ങളുടെ മകനും ഉണ്ടായിരുന്നു. വിനീത മകനെയെടുത്ത് നെഞ്ചോട് ചേർത്തു. കൈയ്യെത്തും ദൂരത്തുനിന്നും മരണത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ച ആ ദൈവദൂതൻ.

പ്രകാശൻ എണ്ണിക്കഴിയുകയായിരുന്നു. മകൾ "അച്ഛാ, ഹാപ്പി ബർത്ത്ഡെ എന്ന് എന്താ പറയാത്തെ. ഇന്ന് വാവാച്ചിയുടെ പിറന്നാളല്ലേ..?" അതെ ഇന്നവന് മൂന്ന് വയസ്സാകാൻ പോകുന്നു. അച്ഛൻ അവനെ കോരിയെടുത്ത് കാറിൽ കയറ്റി ആ ദൈവദൂതനെ തേടി യാത്രതുടങ്ങി. അവസാനം അദ്ദേഹത്തെ കണ്ടെത്തി. മകന്റെ കൈകൊണ്ട് അദ്ദേഹത്തിന് ഒരു ജോഡി പുതുവസ്ത്രം നൽകി. സന്തോഷപൂർവ്വം അദ്ദേഹം ഇത് വിസമ്മതിച്ചെങ്കിലും മകന്റെ നിഷ്കളങ്കമായ നിർബന്ധത്തിന് വഴങ്ങി അത് സ്വീകരിച്ചു. പ്രളയത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ച, എന്റെ മകനെ രക്ഷിച്ച അങ്ങയോട് ഞങ്ങൾക്ക് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. ജീവിതാവസാനം വരെ അത് ഞങ്ങളിലുണ്ടാകും. തീർച്ച. രക്ഷകനായ മത്സ്യത്തൊഴിലാളി മകനെ എടുത്ത് ചുംബിച്ച് ഞങ്ങളെ യാത്രയാക്കി.

## വരകൾ... വർണ്ണങ്ങൾ...



നബീല കെ.കെ. [VIII-B]

കവിത / രമണൻ ഞാങ്ങാട്ടിരി

# ഓട്ടം

ബസ്സിറങ്ങുമ്പോൾ
കമിഴ്ന്നുവീണ കിഴവന്റെ
പുറത്ത് ചവിട്ടി
പിറകെയുള്ളവൻ
ഇറങ്ങിപ്പോയി.

അതിനും പിറകെയുള്ള ഞാൻ
സമയമില്ലായ്കയാൽ
മുൻവശത്തെ ഡോറിലൂടെ
പതുക്കെ ഇറങ്ങിയോടി

ഒടുക്കത്തെ സ്റ്റോപ്പാകയാൽ
ബസ്സ് നിർത്തിയതും
ഡ്രൈവറും കണ്ടക്ടറും
മൂത്രപ്പുരയിലേക്ക്
തിരക്കിട്ട് പോയിരുന്നു.

എന്നാലും...
ഒരുപക്ഷേ
എനിക്ക് പുറകെയുള്ളവൻ
അല്ലെങ്കിലും അതിനും
പുറകെയുള്ളവൻ
അയാളെയിപ്പോൾ
പിടിച്ചെഴുന്നേൽപ്പിച്ചിട്ടുണ്ടാകും
ഒരു ഗ്ലാസ് നാരങ്ങ വെള്ളം വാങ്ങി
കുടിപ്പിച്ചിട്ടുണ്ടാകും
ഒരു ഓട്ടോ പിടിച്ച് വീട്ടിലേക്ക് വിടാനും
മതി.
ഓഫീസിലേക്കുള്ള ഓട്ടത്തിനിടയിൽ
ഇത്രയൊക്കെയല്ലേ
എനിക്ക് ചിന്തിക്കാനാവൂ...



കവിത / സുഹ്റ പടിപ്പുര

# അസ്വസ്ഥത

രണ്ടുപേർ പ്രണയിക്കുമ്പോൾ
ഭൂമി അതിന്റെ ഭ്രമണം
നിർത്തിവച്ച് ചിലപ്പോഴൊക്കെ
നിശ്ചലമാകാറുണ്ട്.
അപ്പോഴെല്ലാം സൂര്യനുദിക്കാൻ
മറക്കുകയും, നിലാവ്
പെയ്തുകൊണ്ടിരിക്കുകയും ചെയ്യും.

രണ്ടുപേർ പ്രണയിക്കുമ്പോൾ,
മരങ്ങൾ പൂത്തുലഞ്ഞങ്ങനെ
നിൽക്കും,
(പ്രത്യേകിച്ച് മാവുകൾ)
അവർ കൈകോർത്തു നടക്കാറുള്ള
വളികളിലെല്ലാം ഗുൽമോഹറുകൾ
ചുവന്ന പരവതാനി വിരിച്ചിട്ടുണ്ടാകും.

കിളികൾ ഉറങ്ങാതെ
അവർക്കായ്
പാടിക്കൊണ്ടേയിരിക്കും,
വസന്തം തിരിച്ചു പോകാൻ
മറന്നുപോകുന്നതിനാലും
വേനൽ വരുന്നതിനെക്കുറിച്ച്
ചിന്തിക്കാത്തതിനാലും,
പുഴകളെപ്പോഴും
കണ്ണിൽക്കണ്ണിൽ നോക്കിയിരിക്കാൻ
അവർക്കായി
കടവുകൾ ഒരുക്കിക്കൊണ്ടിരിക്കും...

നക്ഷത്രങ്ങൾ പരസ്പരം
കണ്ണിറുക്കുന്നത് പോലും
അവരെ
അനുകരിക്കുന്നതായേ തോന്നൂ...
തിരകളെല്ലാം എന്തു
നിശ്ശബ്ദരായിട്ടാണ്
കരയെ പുണർന്ന്
തിരിച്ചുപോകുന്നതെന്നോ...

എന്നിട്ടും പ്രണയിക്കുമ്പോൾ,
മനുഷ്യർ മാത്രം
അസ്വസ്ഥരായി
പരക്കം പായുന്നത്
എന്തുകൊണ്ടായിരിക്കും?

IUHSS
PARAPPUR

# 1999-2000 ബാച്ചിലെ പൂർവ്വ വിദ്യാർത്ഥികൾ ഹൈസ്കൂൾ ലൈബ്രറി ശീതീകരിച്ചു

പറപ്പൂർ: എസ്.എസ്.എൽ.സി. 1999-2000 ബാച്ചിന്റെ സംഗമത്തിന്റെ ഭാഗമായി സ്കൂൾ ലൈബ്രറി ശീതീകരിച്ചു. പ്രസ്തുത ചടങ്ങ് പ്രത്യേകം വിളിച്ചു ചേർത്ത സ്കൂൾ അസംബ്ലിയിൽ വെച്ച് നടന്നു. ചടങ്ങിന്റെ ഉദ്ഘാടനം പ്രിൻസിപ്പാൾ ടി. റഷീദ് നിർവ്വഹിച്ചു. ലൈബ്രറിയിൽ സ്ഥാപിച്ച എസിയുടെ ഔപചാരിക സ്വിച്ച് ഓൺ കർമ്മം പ്രാധാനാധ്യാപകൻ തൊട്ടിയിൽ മുഹമ്മദ് കുട്ടി നടത്തി. എസിയുടെ ഡോക്യുമെന്റ് കൈമാറ്റം 1999-2000 ബാച്ചിലെ നൗഷാദ് (സോന ചിക്കൻ) പ്രധാനാധ്യാപകന് കൈമാറി.

ലൈബ്രറി ശീതീകരിച്ചതോടു കൂടി ജില്ലയിലെ മികച്ച ലൈബ്രറികളിൽ ഒന്നാകാൻ സാധിച്ചു. ഇത് സ്കൂളിന് സമ്മാനിച്ച ഈ സ്കൂളിലെ തന്നെ പൂർവ്വ വിദ്യാർത്ഥികളായ 1999-2000 എസ്.എസ്.എൽ.സി. ബാച്ചിലെ മുഴുവൻ ആളുകളെയും പ്രസ്തുത ചടങ്ങിൽ മാനേജ്മെന്റ് അഭിനന്ദിച്ചു.

1999-2000 ബാച്ചിലെ പൊന്നാനി ഗവ. കോളേജിലെ അസി. പ്രൊഫസർ വി.പി. സൈതലവി, സൈക്കോളജിസ്റ്റും മോട്ടിവേറ്റർ കൂടിയായ ഷൗക്കത്ത് പറപ്പൂർ, ഫോട്ടോഗ്രാഫർ റിയാസ് ഫോട്ടോ കെയർ, വെജിറ്റബ്ൾസ് വ്യാപാരി സിദ്ധീഖ്, ഗ്രാഫിക് ഡിസൈനർ റിയാസ്, അധ്യാപകരായ കെ. കൃഷ്ണൻ, വി. പ്രതാപൻ, ജെ. രാജ്മോഹൻ പിള്ള, എം.കെ. രാജൻ, പി. കൃഷ്ണദാസ്, ടി.പി. യൂസുഫ്, കെ. രാധിക എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.





കവിത / അംജദ് നിഹാൽ

# പ്രളയം ബാധിച്ച നാട്ടിൽ നിന്നും ഒരു കവിത

18.08.2018
വെള്ളം താഴും മുന്നേ തന്നെ
ചേറ് ഉരച്ചിടണം
വീട്ടുകാർ പറഞ്ഞു
ഞാനതനുസരിച്ചു.

18.08.2018
രാത്രി സ്വപ്നം കണ്ടു,
കാവി നിറമുള്ള വെള്ളം
തൊടിയിൽ പരന്ന് കിടക്കുന്നത്
ഉണർന്നപ്പോൾ കണ്ടു
കാവി നിറമുള്ള വെള്ളം
തൊടിയിൽ പരന്ന് കിടക്കുന്നത്

മഴ
അഴിച്ചിട്ട മുടി കെട്ടിവെച്ചില്ല
വെള്ളം അതിന്റെ
ചുമലുകളോ അരക്കെട്ടോ വിടർത്തി
കരുത്തോ കാമമോ വെളിവാക്കി

എന്റെ കിണറ്റിലെ
നീല സവർണ്ണ ജലത്തെ
മഴ വെള്ളം വിവാഹം ചെയ്തു.
എന്റെ കയ്യിൽ കത്തിയുണ്ടായില്ല

വീട്ടുകാരെ വീട്ടുകാരെ ഭയപ്പെടുത്തി
മലതുരന്നത് മാറ് ചുരയ്ക്കുമെന്ന്
ഭയപ്പെടുത്താൻ





കുരുടികൾ അവയുടെ മാതൃഭാഷയിൽ
ഞാനതിൽ പ്രതീക്ഷ മായ്ച്ചു

മഴ അഴിച്ചിട്ട മുടി കെട്ടിവെച്ചില്ല


ഞാൻ പുസ്തകങ്ങളെ കയറ്റിക്കിടത്തി
ഓർമ്മകൾ നഷ്ടപ്പെട്ട
വൃദ്ധനെപ്പോലെ

മുട്ടിൻകാൽ വെള്ളത്തിൽ ഞാൻ
വീട്ടിൽ നിന്ന് നടന്നു.
എറിച്ചിരുന്ന രോമങ്ങളെ അവ
ഒട്ടിച്ച് നിർത്തി

18.08.2018
മഴ അഴിച്ചിട്ട മുടി കെട്ടിവെച്ചു.
വെള്ളം താഴുംമുന്നേ തന്നെ
ചേറ് ഉരച്ചിടണം
വീട്ടുകാരൻ പറഞ്ഞു
ഞാനതനുസരിച്ചു.

വെള്ളം വാർന്നുപോയി
രാത്രിയിൽ നിന്ന് നിലാവ്
വാർന്നു പോയതുപോലെ
മഴയിൽ നിന്ന് പ്രണയം
വാർന്ന് പോയതുപോലെ
രാഷ്ട്രത്തിന്റെ വലത്തേചെരുവിലൂടെ
സമാധാനം
വാർന്ന് പോയതുപോലെ
വലത്തെ പേശികൾ
വലത്തേ കവിളിനടിയിലാക്കി
വലതുവശം ചെരിഞ്ഞ്
ഞാൻ കിടക്കുന്നു.

ഇളക്കിക്കളഞ്ഞ ചേറിന്റെ മണം
ഓർത്തുകൊണ്ട്




കാടിന്റെ ഉള്ളിലേക്കുള്ള
കാൽപ്പുകൾ
ഉണർവ്വിന്റേതാണ്.
പതഞ്ഞൊഴുകുന്ന
കാട്ടുചോലയിലൂടെ
കാട്ടുപൂക്കളുടെ ജലസമാധി,
ചിലപ്പോൾ നനഞ്ഞ് നീന്തുന്ന
മയിൽപ്പീലിയുടെ തരളിത മുഖം
ചൂളം വിളികൾ കേട്ട്
തിരിഞ്ഞുനോക്കുമ്പോൾ
ആരെയും കാണാനില്ല.
എന്നാൽ കാടിന് കാവൽ നിൽക്കുന്ന
തെമ്മാടി മരങ്ങൾ
നെഞ്ചുന്തി നിവർന്നങ്ങനെ
നിൽപ്പുണ്ടാവും അതിഗാഢം
കെട്ടിപ്പുണരുന്ന
വള്ളികൾക്കിടയിൽ നിന്നും
മരത്തിന്റെ നിശ്വാസങ്ങളിൽ ലഹരി
കിനിയുമ്പോൾ ഒരു
മരമായ് മാറാൻ തോന്നാം
കാട്ടുചൂരിൽ കനച്ചുനിൽക്കുന്ന ഫലം
കഥകളുടെ പുതഞ്ഞ
ഇലക്കിടക്കകളിലൂടെ
ആവേശത്തോടെ ഓടുന്ന മലയണ്ണാന്
നമ്മളൊരു വട്ടപ്പൂജ്യമായി തോന്നാം
ഏതോ പായ്ക്കിനാവിന്റെ
നെഞ്ചെരിച്ചിലുമായി, പൊട്ടിയടർന്ന
മക്കളെ കാൽക്കീഴിൽ കിടത്തി
കണ്ണീരൊഴുക്കുന്ന
അമ്മ മരങ്ങളുടെ
അവശേഷിപ്പുകൾ കാണാം
പെട്ടെന്നു പൊട്ടി വിരിഞ്ഞ പോലെ
ഞെട്ടിത്തരിച്ചു നിൽക്കുന്ന
ഓർമ്മപ്പൂക്കളെ... ഒറ്റപ്പൂക്കളെ കാണാം.
ഇരട്ട മൂക്കുത്തിയണിഞ്ഞ്
പച്ചപ്പട്ടുടുത്ത്
പൂക്കാരിച്ചെട്ടിച്ചികളെപ്പോലെ
കലമ്പുന്ന കാറ്റിനെ കാണാം.
ഇളം വെയിലിന്റെ
വൈഡൂര്യത്തിലേക്ക്
പൊട്ടിച്ചിതറി പതഞ്ഞ് പുണരുന്ന
ഇരുളിമയെ കാണാം.
പിടുത്തമേതും കിട്ടാതെ അന്തിച്ചു
നിൽക്കുമ്പോൾ
കൂക്കിവിളിയും അട്ടഹാസവുമായി
ഭ്രാന്തൻ മഴ നാലുപാടുനിന്നും
ആർത്തലച്ച്
നെഞ്ചിലേക്ക്...
ഒത്തിരി നനഞ്ഞിട്ടും
നനയാത്തൊരു മനസ്സുമായി അപ്പോഴും
ഞാൻ.

